**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** **27-01-2026 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി ജീവനക്കാരുടെ വേതന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2016-ൽ സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാരുടെ വേതനം എത്ര രൂപ വീതമായിരുന്നുവെന്ന് വിശദമാക്കുമോ; | (എ) | (എ) 2016 -ൽ സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>അങ്കണവാടി വർക്കറുടെ ഹോണറേറിയം - Rs.10,000/-[കേന്ദ്ര സംസ്ഥാന വിഹിതം ( 60:40) 3000/-രൂപ + അധിക സംസ്ഥാന വിഹിതം 4800/- രൂപ + തദ്ദേശ സ്വയംഭരണ വിഹിതം 2200/- രൂപ]<br><br>അങ്കണവാടി ഹെൽപ്പറുടെ ഹോണറേറിയം - Rs. 7,000/- [കേന്ദ്ര സംസ്ഥാന വിഹിതം (60:40) 1500/- രൂപ + അധിക സംസ്ഥാന വിഹിതം 4050/- രൂപ + തദ്ദേശ സ്വയംഭരണ വിഹിതം 1450/- രൂപ] |
| (ബി) | 2016 മെയ് മാസം മുതൽ ഇതുവരെ ജീവനക്കാരുടെ വേതനം എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും എത്ര തുക വീതമായിരുന്നു വർദ്ധനവെന്നും വ്യക്തമാക്കാമോ; | (ബി) | (ബി) 2016 മെയ് മാസം മുതൽ നാളിതുവരെ അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം 4 തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതം (60:40) തുക ഒരു പ്രാവശ്യവും, അധിക സംസ്ഥാന വിഹിതം തുക മൂന്നു പ്രാവശ്യവും വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | അങ്കണവാടി ജീവനക്കാർക്ക് ആകെ നൽകുന്ന വേതനത്തിൽ എത്ര രൂപ വീതമാണ് കേന്ദ്രസർക്കാർ നൽകി വരുന്നതെന്നുള്ള വിവരം അറിയിക്കാമോ? | (സി) | സി) നിലവിൽ അങ്കണവാടി വർക്കർമാർക്ക് ഹോണറേറിയം പരമാവധി 14000/- രൂപയും അങ്കണവാടി ഹെൽപ്പർമാർക്ക് പരമാവധി 10,000/- രൂപയും ആണ് അനുവദിക്കുന്നത്. (കേന്ദ്ര സംസ്ഥാന വിഹിതം (60:40) തുക + അധിക സംസ്ഥാന വിഹിതം തുക + തദ്ദേശ സ്വയംഭരണ വിഹിതം തുക) അങ്കണവാടി വർക്കർമാർക്ക് ആകെ നൽകുന്ന 14000/-രൂപയിൽ 2700/- രൂപയും അങ്കണവാടി ഹെൽപ്പർമാർക്ക് നൽകുന്ന 10,000/- രൂപയിൽ 1350/-രൂപയും കേന്ദ്രസർക്കാർ അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

കേന്ദ്ര സംസ്ഥാന വിഹിത വർദ്ധനവ്

(കേന്ദ്ര വിഹിതം 60% + ആനുപാതിക സംസ്ഥാന വിഹിതം 40%)

| **ഉത്തരവ് നമ്പർ** | **വിഭാഗം** | **ഉത്തരവ് പ്രാബല്യ തീയതിക്ക് മുന്നോടിയായി നൽകിയിരുന്ന ഹോണറേറിയം** | **ഉത്തരവിലൂടെ വർദ്ധിപ്പിച്ച നിരക്ക്** | **പ്രാബല്യ തീയതി** |
|---|---|---|---|---|
| 11/02/2019 ലെ സ.ഉ (സാധാ)നം. 81/2019/സാ.നീ.വ ഉത്തരവ് പ്രകാരം നൽകുന്ന ഹോണറേറിയം കേന്ദ്ര വിഹിതം | അങ്കണവാടി വർക്കർ | 3000 | 4500 | 01-10-2018 |
| | അങ്കണവാടി ഹെൽപ്പർ | 1,500 | 2250 | |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

അധിക സംസ്ഥാന വിഹിതം വർദ്ധനവ്

| ഉത്തരവ് നമ്പർ | വിഭാഗം | ഉത്തരവ് പ്രാബല്യ തീയതിക്ക് മുന്നോടിയായി നൽകിയിരുന്ന ഹോണറേറിയം | ഉത്തരവിലൂടെ വർദ്ധിപ്പിച്ച നിരക്ക് | പ്രാബല്യ തീയതി |
|---|---|---|---|---|
| 27/12/2019 ലെ സ.ഉ (സാധാ)നം. 803/2019/സാ.നീ.വ ഉത്തരവ് പ്രകാരം നൽകുന്ന ഹോണറേറിയം സംസ്ഥാന വിഹിതം | അങ്കണവാടി വർക്കർ | 4800 | 5300 | 1-04-2019 |
| | അങ്കണവാടി ഹെൽപ്പർ | 4050 | 4300 | |
| സ.ഉ (സാധാ)നം. 52/2024/WCDD Dated 05/02/2024 Below 10 yrs of service @ 500/- Above 10 yrs of service @1000/- | അങ്കണവാടി വർക്കർ | 5300 | പത്തു വർഷത്തിൽ താഴെ സേവനകാലയളവുള്ളവർക്ക് -5800<br>പത്തു വർഷത്തിലധികം സേവനകാലയളവുള്ളവർക്ക് - 6300 | 01-12-2023 |
| | അങ്കണവാടി ഹെൽപ്പർ | 4300 | പത്തു വർഷത്തിൽ താഴെ സേവനകാലയളവുള്ളവർക്ക് -4800<br>പത്തു വർഷത്തിലധികം സേവനകാലയളവുള്ളവർക്ക് - 5300 | |
| സ.ഉ (സാധാ)നം. 16/2025/WCDD Dated 04/11/2025 @1000/- | അങ്കണവാടി വർക്കർ | 5800/6300 | പത്തു വർഷത്തിൽ താഴെ സേവനകാലയളവുള്ളവർക്ക് -6800 | 01-11-2025 |
| | | | പത്തു വർഷത്തിലധികം സേവനകാലയളവുള്ളവർക്ക് - 7300 | |
| | അങ്കണവാടി ഹെൽപ്പർ | 4800/5300 | പത്തു വർഷത്തിൽ താഴെ സേവനകാലയളവുള്ളവർക്ക് -5800 | |
| | | | പത്തു വർഷത്തിലധികം സേവനകാലയളവുള്ളവർക്ക് - 6300 | |

സെക്ഷൻ ഓഫീസർ